**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **53.** 02.03.2020 ൽ മറുപടിക്ക്

## ഇന്റർനെറ്റ് നയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**,, ആർ.രാമചന്ദ്രൻ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചു കൊണ്ടുള്ള സർക്കാർ നയം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ). ബഹു: ഗവർണറുടെ 2016-ലെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ കെ-ഫോൺ പദ്ധതി സംബന്ധിച്ച പ്രഖ്യാപനമുണ്ടാകുകയും, 2017-ലെ ബജറ്റ് പ്രസംഗത്തിൽ പദ്ധതിയെ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. കൂടാതെ 2017 ലെ വിവരസാങ്കേതിക വിദ്യാ നയത്തിൽ പദ്ധതിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് |
| (ബി) | എങ്കിൽ പ്രസ്തുത നയം പ്രാവർത്തികമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | | |

| | | |
|---|---|---|
| | | ലിമിറ്റഡ് എന്ന പേരിൽ ഒരു ജോയിന്റ് വെൻചർ കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ/ എസ്.പി.വി) രൂപീകരിക്കുകയും പ്രസ്തുത എസ്.പി.വി. യെ സഹായിക്കുന്നതിന് പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ (M/s PricewaterhouseCoopers Pvt.Ltd) പദ്ധതിയുടെ പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് ആയി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഓപ്റ്റിക്കൽ ഫൈബർ ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) ഓപ്റ്റിക്കൽ ഫൈബർ ലൈനുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭഘട്ടമായി പരുത്തിപ്പാറ കെ.എസ്.ഇ.ബി സബ്സ്റ്റേഷൻ മുതൽ ടെക്നോപാർക്ക് സ്റ്റേറ്റ് ഡാറ്റാ സെന്റർ വരെ കേബിൾ സ്ഥാപിക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ സംസ്ഥാന സർക്കാർ ഓഫീസുകളിലേക്കുള്ള കണക്റ്റിവിറ്റിക്ക് വേണ്ടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | ഏതൊക്കെ സ്ഥാപനങ്ങളുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും | (ഡി) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ)ന്റെയും കേരളാ |

| | | |
|---|---|---|
| | ഓരോ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഏതൊക്കെ വിധത്തിലാണെന്നും വ്യക്തമാക്കുമോ? | സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ന്റെയും സംസ്ഥാന സർക്കാരിന്റെയും 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ്' എന്ന പേരിൽ ഒരു ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ റെയിൽടെൽ, എൽ.എസ്.കേബിൾ, എസ്.ആർ.ഐ.റ്റി. (Sobha Renaissance Information Technology Pvt.Ltd) എന്നീ കമ്പനികൾ ഉൾപ്പെടുന്ന കൺസോർഷ്യത്തിനെ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായി തിരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ